
# തമ്പിയുടെ ഹൃദയം.



# തമ്പിയുടെ ഹൃദയം

കുറച്ചു കാലങ്ങൾക്കു മുമ്പ്, തമ്പി എന്ന പേരോടുകൂടി ഒരു ബാലൻ ജീവിച്ചിരുന്നു. ഒരു ദിവസം തൻെറ നാട്ടിലുള്ള ഒരു തെരുവിൽ അവൻ കളിച്ചുകൊണ്ടിരിക്കുമ്പോൾ ദയാപൂർണ്ണനായ ഒരു മനുഷ്യൻ ആ വഴി കടന്നു വരുവാൻ ഇടയായി. അദ്ദേഹം തമ്പിയെക്കണ്ട് സ്നേഹപൂർവ്വം കുറെ സമയം അവനുമായി സംഭാഷിച്ചു. അനന്തരം ആ ബാലനോട് "തമ്പീ, നിനക്കു യേശുവിനെക്കുറിച്ച് അറിയാമോ?" എന്നു ചോദിച്ചു. അതിനു മറുപടിയായി തമ്പി, "ഇല്ല, ഞാൻ അദ്ദേഹത്തെ അറിയുകയില്ല; അദ്ദേഹം ആരാണ്?" എന്നു ചോദിച്ചു.

അപ്പോൾ ആ സുവിശേഷകൻ, അനേകം അനേകം വർഷങ്ങൾക്കു മുമ്പ് യേശു ഒരു പുൽത്തൊട്ടിയിൽ ജാതനായതു മുതലുള്ള കഥ ആ ബാലനോടു വിവരിച്ചു പറയുവാൻ തുടങ്ങി. യേശു അത്ര ദരിദ്രമായ അവസ്ഥയിലേക്കു താണിറങ്ങി വന്നുവെങ്കിലും അവൻെറ ജനനത്തിങ്കൽ സ്വർഗ്ഗീയ മാലാഖമാർ പാടി ആനന്ദിച്ചതും, ദൂരദേശത്തുനിന്ന് വിദ്വാന്മാർ വന്നു അവനെ നമസ്കരിച്ചതും ആ സുവിശേഷകൻ പറഞ്ഞുകൊടുത്തു. ഈ കാര്യമെല്ലാം തമ്പി വളരെ താൽപ്പര്യപൂർവ്വം ശ്രദ്ധിച്ചു. അത് അവൻെറ ഹൃദയത്തെ ആഴമായി സ്പർശിക്കുകയും,



Downloaded from www.GodsOwnLanguage.com

ചെയ്യു. എന്തെന്നാൽ, വീടില്ലാതെ, തണുപ്പും വിശപ്പും സഹിച്ചുള്ള ജീവിതം എങ്ങനെയുള്ളതെന്നു് ആ ബാലൻ സ്വന്ത ജീവിതത്തിൽ അനുഭവിച്ചറിഞ്ഞിട്ടുള്ളവനായിരുന്നു.

തുടർന്നു്, ഈ ബാലസ്നേഹിതനെ യേശുവിൻെറ ജീവിതമാഹാത്മ്യം അദ്ദേഹം വർണ്ണിച്ചു കേൾപ്പിച്ചു. യേശു യാതൊരു വിധത്തിലും തെററായതോ ചീത്തയായിട്ടുള്ളതോ ആയ കാര്യങ്ങൾ പ്രവർത്തിച്ചിട്ടില്ല എന്നുള്ള വസ്തുത കേട്ടപ്പോൾ തമ്പി വാസ്തവത്തിൽ ആശ്ചര്യപ്പെട്ടുപോയി.

യേശു ദൈവത്തിൻെറ ഏക പുത്രനാണെന്നും അദ്ദേഹം തമ്പിയെ പറഞ്ഞു മനസ്സിലാക്കി. നമ്മുടെ പാപങ്ങൾ വഹിച്ചുകൊണ്ടു നമുക്കുവേണ്ടി ക്രൂശിന്മേൽ മരിക്കുന്നതിനായി യേശുവിനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്യധികം സ്നേഹിച്ചുവെന്നും സുവിശേഷകൻ തമ്പിയോടു പറഞ്ഞു. അപ്പോൾ തമ്പി, "യേശു അത്ര അത്ഭുതവാനായിരുന്നെങ്കിൽ ക്രൂശിലെ മരണത്തിനായി തന്നെത്താൻ ഏല്പിച്ചുകൊടുത്തതു് എന്തിനു്" എന്നു് അന്വേഷിച്ചു. സകലത്തിന്മേലും അധികാരിയായിരുന്ന യേശു തൻെറ പിതാവിൻെറ കല്പന അനുസരിച്ചു്, സർവ്വലോകത്തിൻേറയും പാപങ്ങൾക്കായിട്ടാണു് ക്രൂശിന്മേൽ തൂങ്ങി മരിച്ചതു് എന്നു് ആ ദൈവദാസൻ മറുപടി പറഞ്ഞു.



Downloaded from www.GodsOwnLanguage.com

ആ യേശുവിനെക്കുറിച്ച് ഇനിയും ധാരാളമായി തന്നോട് പറയണമെന്നു തമ്പി ആവശ്യപ്പെട്ടു. അവർ ഇരുവരുംകൂടി ഒരു മരത്തണലിൽപോയി ഇരുന്നശേഷം സുവിശേഷകൻ ഇപ്രകാരം സംഭാഷണം തുടർന്നു: "ഇതു ദൈവത്തിന്റെ അത്ഭുതമാന്ന സ്നേഹത്തെപ്പററിയുള്ള കഥയാണ്. യേശു നമ്മെ വളരെയധികം സ്നേഹിക്കുന്നുണ്ട്. നമ്മുടെ ഒരുററ സഖിയായിത്തീരുവാൻ അവൻ ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ സകല ആത്മാക്കളുടേയും ശത്രുവായി സാത്താൻ എന്ന പേരോടുകൂടി ഒരുവൻ ഉണ്ട്. ആരെ നശിപ്പിക്കേണ്ടു എന്നു എപ്പോഴും അവൻ അന്വേഷിച്ചു നടക്കുകയാണ്. അവനെയാണ് വേദപുസ്തകത്തിൽ ചിലയിടത്തു 'ആകാശത്തിലെ അന്ധകാര ശക്തിയുടെ അധിപതിയായവൻ' എന്നു പറഞ്ഞിരിക്കുന്നതു്.

"ദൈവവചനം പറയുന്നതു് കേൾക്കുക, 'നിങ്ങൾ ആരെ സേവിക്കും എന്നു ഇന്നു തെരഞ്ഞെടുത്തുകൊൾവിൻ" ഇത്ര വലിയ രക്ഷയെ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെററിയൊഴിയും?' 'എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായിത്തീർന്നു'. തമ്പീ, സകലത്തേയും കാണുന്ന ദൈവത്തിന്റെ കണ്ണുകൾ നമ്മുടെ ഹൃദയത്തിലേക്ക് നോക്കുമ്പോൾ അവിടെ കാണുന്ന കാര്യങ്ങൾ നാം തന്നെ ശരിയായി ഒന്നു കാണുകയാണെങ്കിൽ നാം പരി



Downloaded from www.GodsOwnLanguage.com

ഭ്രമിച്ചു പോകുമെന്നു മാത്രമല്ല, അവൻെറ മുമ്പാകെ തീർച്ചയായും ലജ്ജിച്ചുപോകയും ചെയ്യേണ്ടിവരും.

“നാം പൂർണ്ണരായി അവനെപ്പോലെ ആയിത്തീരുന്നതിനാണു് ദൈവം നമ്മെ സൃഷ്ടിച്ചതു്. ഈ ചിത്രത്തിൽ നാം കാണുന്നതു് ദൈവത്തിൻെറ സർവ്വവ്യാപകമായ കണ്ണത്രെ. നാം



ചെയ്യുന്നതൊക്കെയും അവൻ കാണുന്നു; പറയുന്നതൊക്കെയും അവൻ കേൾക്കുന്നു.

“തമ്പി, ചിലപ്പോഴൊക്കെ നാം മററുള്ളവരെക്കുറിച്ചു സ്നേഹമില്ലാതെ നിന്ദ്യമായി ചിന്തിച്ചുപോയിട്ടില്ലയോ? മാത്രമല്ല, അവരേ





Downloaded from www.GodsOwnLanguage.com

കാരം നാം മികച്ചവരാണ്' എന്നു ഭാവിച്ചിട്ടില്ലയോ? അതിനത്രെ നിഗളം എന്നും സ്വാർത്ഥത എന്നും പറയുന്നതു്. ഈ നീച നിഗള സ്വഭാവത്തെക്കുറിക്കുന്ന ഒരു മയിലിനെ അത്രെ ഈ ചിത്രത്തിൽ നാം കാണുന്നതു്.

"തമ്പീ, തെററാണെന്നും, ചെയ്യരുതാത്ത



താണെന്നും അറിഞ്ഞുകൊണ്ടുതന്നെ പലപ്പോഴും നാം നമ്മെത്തന്നെ മറന്നു് അങ്ങനെയുള്ള പല കാര്യങ്ങൾ പ്രവർത്തിച്ചു് കുഴപ്പത്തിൽ അവസാനിച്ചിട്ടില്ലയോ? അങ്ങനെയുള്ള പാപമത്രെ ഈ പടത്തിലെ മർക്കടമുഷ്ടിയായ കോലാടിന്റെ സ്വഭാവത്തിൽ നാം വീക്ഷിക്കുന്നതു്.



"ഭക്ഷണ കാര്യത്തിലും മററു പല കാര്യങ്ങൾ ചെയ്യുന്നതിലും യാതൊരു നിയന്ത്രണവും



Downloaded from www.GodsOwnLanguage.com

ക്രമവും ഇല്ലാതെ നാം പ്രവർത്തിക്കാറില്ലേ? ആ പാപസ്വഭാവത്തെയാണു് ഈ പന്നിയുടെ പടം ഉദാഹരിക്കുന്നതു്".

"തമ്പീ, അശുദ്ധവും അശ്ലീലവുമായ കഥകളും വ്യർത്ഥസംസാരങ്ങളും ശ്രദ്ധിക്കുന്നതിനും മററുള്ളവരെക്കുറിച്ചു് മോശമായ രീതിയിൽ സംസാരിക്കുന്നതിനും ചിലപ്പോഴൊക്കെ നമുക്ക താല്പര്യം തോന്നിയിട്ടില്ലയോ? അതും പാപമാണു്. ഈ തവളയുടെ പടം ആ പാപത്തെ കുറിക്കുന്നു.





"അസൂയയും വഞ്ചനയും പലപ്പോഴും നമ്മിൽ പ്രത്യക്ഷപ്പെടാറുണ്ടു് എന്നു സമ്മതിക്കുന്നതു് വളരെ പ്രയാസമാണു്. എങ്കിലും അതു വിഷംനിറഞ്ഞ പാമ്പിൻെറ സ്വഭാവംപോലെയാണു്.



Downloaded from www.GodsOwnLanguage.com

"മററുള്ളവർ നമ്മെ ഏതെങ്കിലും വിധത്തിൽ ഉപദ്രവിച്ചാൽ ദ്വേഷപ്പെട്ട വളരെ ക്രൂരമായി അവരോട്ട പ്രതികാരം ചെയ്യുന്നതിന്ന



നാം പരീക്ഷിക്കപ്പെടാറില്ലേ? ഈ ചിത്രത്തിൽ കാണുന്ന കടുവായുടെ സ്വഭാവവും മനുഷ്യരിൽ സ്ഥിതിചെയ്യുന്ന കോപവും, പ്രതികാരമനോഭാവവും ഒന്നുതന്നെ.



"മാത്രമല്ല തമ്പി, ചിലപ്പോഴൊക്കെ നാം അലസരായി, അനുസരിപ്പാൻ മനസ്സില്ലാത്തവരായിത്തീർന്നിട്ടില്ലയോ? നമ്മുടെ ജോലികൾ കഴിവിനനുസരിച്ച് ഏററവും ഭംഗിയായി ചെയ്യാതിരുന്നിട്ടുള്ള സന്ദർഭങ്ങളെപ്പററി ഈ ആമയുടെ പടം നമ്മെ ഓർപ്പിക്കുന്നു".



Downloaded from www.GodsOwnLanguage.com

ഇത്രയുമെല്ലാം കേട്ടുകഴിഞ്ഞപ്പോൾ തമ്പി സങ്കടത്തോടുകൂടി “ഈ പാപങ്ങളെല്ലാം എന്റെ ഹൃദയത്തിൽ കുടികൊള്ളുന്നവയാണല്ലോ, അവയിൽനിന്നു് രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണ്ടു” എന്നു് വിങ്ങി വിങ്ങി ചോദിച്ചു.

സുവിശേഷകൻ തുടർന്നു: “പാപങ്ങളെല്ലാം നമ്മുടെ ഹൃദയങ്ങളിൽ കുടികൊള്ളുമ്പോൾ സാത്താൻ നമ്മുടെ ഹൃദയങ്ങളെ ഭരിക്കുന്നു. അവൻ നമ്മിൽ ഉള്ളിടത്തോളം കാലം യഥാർത്ഥമായ സന്തോഷവും സമാധാനവും ലഭിക്കുകയുമില്ല, നിശ്ചയം. എന്നാൽ സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവു് ഇതെല്ലാം വീക്ഷിച്ചുകൊ



ണ്ടിരിക്കയത്രെ. ഈ ചിത്രത്തിൽ നീ കാണുന്ന ദൈവദൂതൻ ദൈവത്തിന്റെ കൃപയെ പ്രതിനിധീകരിക്കുന്നവനത്രെ. നീ ദൈവവചനം കേൾക്കണമെന്നത്രെ അവൻ ആഗ്രഹിക്കുന്നതു്. അവന്റെ വചനം ഗ്രഹിക്കുന്നതിനു് സഹായ



Downloaded from www.GodsOwnLanguage.com

കമായി തന്റെ പരിശുദ്ധാത്മാവു നിന്നിൽ പ്രവൎത്തിക്കും അവനത്രെ നമ്മുടെ ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തി നമ്മെ ദൈവവഴികളിൽ നടത്തുന്നതു്: തമ്പീ, നമ്മുടെ ജീവിതയാത്രയിലെ മാൎഗ്ഗദർശിയായ പരിശുദ്ധാത്മാ



വിനെ ദൃഷ്ടാന്തീകരിക്കുന്നതിനായിട്ടത്രെ ഈ പ്രാവിന്റെ പടം.

"ഈ പരിശുദ്ധാത്മാവിൽ കൂടി, ദൈവം നിന്നെ ഭരിക്കുവാൻ തുടങ്ങുമ്പോൾ അത്ഭുതാവഹമായ ഒരു പുതിയ അനുഭവം നിനക്കുണ്ടാകുന്നു. കൎത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകൽ പ്രാപിച്ചു് പുതുഹൃദയമായി നിന്റെ ഹൃദയം രൂപാന്തരപ്പെടുന്നതത്രെ ആ അനുഭവം. തമ്പീ, നീ നിന്റെ പാപങ്ങളെക്കുറിച്ചു അനുതപിച്ചു്, ഏറ്റുപറഞ്ഞു്, ദൈവമേ കർത്താവായ യേശുക്രിസ്തുവിൽ കൂടി എന്റെ പാപങ്ങളെ എന്നോടു് ക്ഷമിക്കേണമെ, എന്നു പ്രാൎത്ഥിക്കുക. അപ്പോൾ ദൈവം നിന്റെ ഹൃദയത്തെ പുതുതാക്കിത്തീൎക്കും. ഇപ്പോൾതന്നെ നീ അങ്ങനെ പ്രാൎത്ഥിക്കുമോ?"

ഇത്രയും കേട്ടുകഴിഞ്ഞപ്പോൾ തമ്പി വിനയത്തോടുകൂടി, ഏങ്ങലടിച്ചുകൊണ്ടു് അവ



Downloaded from www.GodsOwnLanguage.com

ൻെറ പാപങ്ങളെ ഏററുപറഞ്ഞു് പ്രാൎത്ഥിച്ചു. 'യേശുക്രിസ്തു നിമിത്തം എൻെറ പാപങ്ങളെ ക്ഷമിച്ചു് എൻെറ ഹൃദയത്തെ വെടിപ്പാക്കേണമേ' എന്നു് അവൻ ദൈവത്തോടപേക്ഷിച്ചു. അതിനുശേഷം തമ്പി തൻെറ തലയുയൎത്തി കണ്ണുനീരൊലിപ്പിച്ചുകൊണ്ടു് അവൻെറ ഹൃദയത്തിൽ ഉണ്ടായിരിക്കുന്ന ഭാവവ്യത്യാസവും പുതു അനുഭവവും അവനുതന്നെ മനസ്സിലാക്കുവാൻ പാടില്ലാതവണ്ണം അത്ഭുതകരമായിട്ടുള്ളതാണെന്നു് പറഞ്ഞുകേൾപ്പിച്ചു. കുഞ്ഞേ അതാണു് യേശു തരുന്ന ദിവ്യസമാധാനം'' എന്നു് ആ സുവിശേഷകൻ അവനു പറഞ്ഞുകൊടുത്തു.

''ദയാപൂൎണ്ണനായ ഒരു ദൈവദൂതനെപ്പോലെ നമ്മുടെ കൎത്താവിൻെറ ദിവ്യകൃപ നിന്നെ ചുററിപററി നില്ക്കുകയായിരുന്നു'' എന്നു് പറഞ്ഞു് സുവിശേഷകൻ തുടൎന്നു: അങ്ങനെയാണു് പരിശുദ്ധാത്മാവു് നിൻെറ ഹൃദയത്തോടു് വാദിച്ചുകൊണ്ടിരുന്നതു്. യേശു നിൻെറ ഹൃദയത്തിൽ വരികയും പരിശുദ്ധാത്മാവിൻെറ ദിവ്യപ്രകാശത്തിൽ നിൻെറ ഹൃദയം വിനയപ്പെടുകയും ചെയ്തപ്പോൾ മുതൽ നിഗളം, അശുദ്ധി, ഈൎഷ്യ, കോപം, പ്രതികാരേച്ഛ തുടങ്ങിയ പാപങ്ങൾ നിൻെറ ഹൃദയത്തിൽ നിന്നു പുറം തള്ളപ്പെട്ടുപോയി''.

തന്നിൽസംഭവിച്ച അത്ഭുതം എന്തെന്നു് ഗ്രഹിപ്പാൻ കഴിവില്ലാതെ നില്ക്കുന്ന തമ്പിയോടു് ആ ദൈവദാസൻ ഇങ്ങനെ പറഞ്ഞു: ''കുഞ്ഞേ



Downloaded from www.GodsOwnLanguage.com





Downloaded from www.GodsOwnLanguage.com

യേശു നമ്മുടെ പാപങ്ങൾക്ക വേണ്ടി മരിച്ചു എന്നു പറഞ്ഞതു് നീ ഓക്കുന്നില്ലയോ? ദൈവവചനമായ ഈ ശ്രേഷ്ഠഗ്രന്ഥത്തിൽ നാം ഇപ്രകാരം വായിക്കുന്നു. 'കണ്ടാലും, ഞാൻ വാതില്ക്കൽനിന്നു മുട്ടുന്നു. ആരെങ്കിലും എൻെറ ശബ്ദം കേട്ടു് വാതിൽ തുറന്നാൽ ഞാൻ അവൻെറ അടുക്കൽചെന്നു" അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും' തമ്പീ, നിൻെറ ഹൃദയം ഒരു വാതിൽ മാത്രമുള്ള ഒരു മുറിപോലെയാകുന്നു. ആ മുറിയിൽ നീ അനേകം മ്ലേഛ പാപങ്ങൾ നിറച്ചു് പൂട്ടിയിരിക്കയായിരുന്നല്ലോ.

നിൻെറ ഹൃദയവാതിൽക്കൽ പുറത്തുനിന്നുകൊണ്ടു് യേശു മുട്ടിക്കൊണ്ടിരുന്നു. എങ്കിലും നീ തുറക്കാതെ അകത്തു പ്രവേശിപ്പാൻ അവനു സാധിക്കയില്ലായിരുന്നു. നിൻെറ പാപങ്ങൾ ഏറ്റുപറഞ്ഞ ആ സമയത്തു് നീ തന്നെ ആ വാതിൽ തുറക്കയായിരുന്നു ചെയ്തതു്. അങ്ങനെ യേശു നിൻെറ ഹൃദയത്തിൽ പ്രവേശിച്ചു് അവിടെ വസിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടത്രെ ഇപ്പോൾ നിനക്ക വളരെ സന്തോഷവും വ്യത്യാസവും അനുഭവപ്പെടുന്നതു്. നിശ്ചയമായും നിൻെറ ഹൃദയം പാടെ രൂപാന്തരപ്പെട്ടുകഴിഞ്ഞിരിക്കുന്നു. നിൻെറ ഹൃദയത്തെ അശുദ്ധവും ഹീനവുമാക്കിത്തീർത്ത പാപങ്ങൾ എല്ലാം പുറംതള്ളപ്പെട്ടുപോയി. ഇപ്പോൾ ദൈവത്തിൻെറ പരിശുദ്ധാത്മാവു് നിൻെറ ഹൃദയത്തിൽ



Downloaded from www.GodsOwnLanguage.com





Downloaded from www.GodsOwnLanguage.com

പ്രവേശിച്ചിരിക്കുന്നു. മററുള്ളവരോട് ദയയി ല്ലാതെയും നിന്ദ്യമായും വർത്തിച്ചിരുന്ന നിനക്ക് ഇനിയും അവരെ സ്നേഹിപ്പാനും സഹായിപ്പാ നും കഴിയും.

"സകലവും സൂക്ഷിച്ചു കണ്ടുകൊണ്ടിരുന്ന ദൈവത്തിൻെറ കണ്ണ് ഇപ്പോഴും നിൻെറ മേൽ ഉണ്ട്. നിൻെറ പ പഹൃദയത്തെ രക്ഷിപ്പാനാ യി സ്നേഹത്തോടും ആകാംക്ഷയോടും നോക്കി ക്കൊണ്ടിരുന്ന ആ കണ്ണ് ഇപ്പോഠം നിന്നെ ആ ത്മാക്കളുടെ ശത്രുവായ പിശാചിൻെറ തീയ മ്പുകളിൽ നിന്നു തീക്ഷ്ണതയോടുകൂടി കാക്ക കയത്രെ ചെയ്യുന്നതു്.

തമ്പീ,, കർത്താവായ യേശു ഇപ്പോഠം നി ൻെറ ഹൃദയത്തിൽ വസിക്കുകയാണല്ലോ. അ തു് അത്ഭുതം തന്നെയല്ലേ? നീ ദൈവത്തെ അ നുസരിച്ചു; അതിൻെറ ഫലമായി നിൻെറ ഹൃദ യത്തിനുള്ളിൽ പാക്കുവാൻ യേശു അതിയായി ഇഷ്ടപ്പെടുന്നു. അവൻ വളരെ ദയയും വിശ്വ സ്തതയും ഉള്ളവനത്രെ. നിൻെറ നിത്യസ്നേഹി തനും സഖിയുമായിരിപ്പാൻ അവൻ ആഗ്രഹി ക്കുന്നു, നിൻെറ സന്തോഷത്തിൻെറ പങ്കു അനു ഭവിപ്പാനും അതുപോലെതന്നെ നിൻെറ വിഷ മങ്ങളും ദുഃഖങ്ങളും നിന്നോടുകൂടിയും, നിനക്കു വേണ്ടിയും വഹിപ്പാനും അവൻ അതിയായി താല്പര്യപ്പെടുന്നു.

"പരിശുദ്ധാത്മ സന്തോഷത്താലും സമാ ധാനത്താലും നിറയപ്പെട്ട നിൻെറഹൃദയത്തിൽ



Downloaded from www.GodsOwnLanguage.com





Downloaded from www.GodsOwnLanguage.com

യേശുക്രിസ്തു വസിക്കുന്നതു് എത്ര അത്ഭുതമാന്ന അനുഭവം!

"ദൈവം നമ്മുടെ സ്വർഗ്ഗീയപിതാവാകുന്നു. അവന്റെ പുത്രനായ യേശുക്രിസ്തു നമ്മുടെ രക്ഷിതാവുമത്രെ. നാമോ യേശുവിനോടുകൂടി അവകാശികളും കൂട്ടവകാശികളുമാകുന്നു. ദൈവത്തിനുവേണ്ടി നമ്മുടെ മുമ്പിലുള്ള ഓട്ടം സ്ഥിരതയോടുകൂടി ഓടുകയാണെങ്കിൽ സകല സ്വർഗ്ഗീയ അനുഗ്രഹങ്ങളും നമുക്കു അവകാശപ്പെട്ടതാം. 'ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കിയിട്ടുള്ളതു് കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല'. (1 കൊരി 2:9)

"കുഞ്ഞേ, നീ യേശുവിനെ നിന്റെ രക്ഷിതാവായി സ്വീകരിച്ചു്, പുതുഹൃദയം പ്രാപിച്ചിരിക്കുന്നതിനാൽ ഇപ്പോൾ നീ ഒരു യഥാർത്ഥ ക്രിസ്ത്യാനിയായിത്തീർന്നിരിക്കുന്നു. നിന്റെ ശരീരത്തെ ആരോഗ്യകരമായി സൂക്ഷിക്കുന്നതിനു് ദിവസംപ്രതി ഭക്ഷണം കഴിക്കേണ്ടതു് ആവശ്യമായിരിക്കുന്നതുപോലെ തന്നെ ഒരു ക്രിസ്ത്യാനിയായി വളർന്നുകൊണ്ടിരിക്കേണ്ടതിനു് നിന്റെ ഹൃദയത്തേയും ദിവസംപ്രതി പോഷിപ്പിക്കേണ്ടതാണു്. (ചിലപ്പോൾ 'ഹൃദയം' എന്നതിനു പകരം 'ആത്മാവു്' എന്ന പദവും ഉപയോഗിക്കാറുണ്ടു്.) നിന്റെ ആത്മാവിന്റെ ജീവനും വളർച്ചയ്ക്കും ആവശ്യമായിരിക്കുന്ന ആഹാരം ദൈവവചനമത്രെ. ആത്മികമായി വളരുന്ന



Downloaded from www.GodsOwnLanguage.com






Downloaded from www.GodsOwnLanguage.com

ന്തങ്ങനെയെന്നു് വേദപുസ്തകത്തിൽ നിന്നു് നാം പഠിക്കുന്നു. ദൈവം നിന്റെ സ്വർഗ്ഗീയ പിതാവാണെന്നു് നിനക്കറിയാമല്ലൊ. ആ പിതാവിനോടു് സംസാരിക്കുന്നതത്രെ പ്രാർത്ഥന. നമ്മുടെ ലൗകിക പിതാക്കന്മാരോടു് സംസാരിക്കുന്നതുപോലെ നമുക്കു ദൈവത്തോടും സംസാരിക്കാം. നീ കഴിക്കുന്ന ഭക്ഷണം നിന്റെ ശരീരത്തെ പോഷിപ്പിക്കുന്നതുപോലെതന്നെ നീ ഹൃദയത്തിൽ കൈക്കൊള്ളുന്ന ദൈവവചനം നിന്നെ ഒരു ക്രിസ്ത്യാനിയായി വളർത്തുകയും പാപത്തിൽ നിന്നു് സൂക്ഷിക്കുകയും ചെയ്യുന്നു. തമ്പീ, ഒരു പ്രത്യേക കാര്യം ഈയവസരത്തിൽ ഓർമ്മിപ്പിക്കട്ടെ. ദൈവം നിന്നെ എപ്പോഴും കാത്തു സൂക്ഷിച്ചുകൊണ്ടിരിക്കുന്നതുപോലെ തന്നെ ശത്രുവായ സാത്താൻ നിന്നെ വശീകരിച്ചു് പാപത്തിൽ വീഴിക്കുന്നതിനായി സർവ്വദാ തക്കം നോക്കിയിരിക്കുകയാണു്. യേശു നിന്നെ സ്നേഹിക്കുന്നപ്രകാരം ലോകത്തിലുള്ള സകല കുഞ്ഞുങ്ങളേയും സ്നേഹിക്കുകയും അവരെല്ലാവരും തന്റെ അടുക്കലേക്കു് വരണമെന്നാഗ്രഹിക്കുകയും ചെയ്യുന്നു. (മർക്കൊ.10:13,14).

"തമ്പീ, സാത്താൻ നിന്നെ പരീക്ഷിച്ചു പാപത്തിൽ അകപ്പെടുത്തുവാൻ സർവ്വദാ ശ്രമിക്കുന്നുണ്ടെന്നു് പറഞ്ഞതു് ഓർക്കുന്നുണ്ടല്ലോ. അതുകൊണ്ടു് ഒരു ക്രിസ്ത്യാനിയായി വളർന്നുവരുന്നതിനു് എന്തു ചെയ്യണമെന്നുള്ളതു് നീ എപ്പോഴും ഓർത്തുകൊള്ളുക. നീ മുടക്കം വരാതെ ദൈ



Downloaded from www.GodsOwnLanguage.com





Downloaded from www.GodsOwnLanguage.com

വചനം വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാവശ്യമാണ്.

"ദൈവവചനത്തിന് നമ്മുടെ ഹൃദയത്തിൽ ഇടം കുറയുകയും, ദൈവത്തോടുള്ള ബന്ധം അയഞ്ഞുകലരുകയും ചെയ്യുന്നതെപ്പോഴോ, അപ്പോഴത്രേ പിശാചു നമ്മെ പരീക്ഷിക്കുവാനായി അടുക്കുന്നത്. കോപിക്കുന്നതിനും, അസൂയപ്പെടുന്നതിനും, ദൂഷിക്കുന്നതിനും, അശുദ്ധമായ കാര്യങ്ങൾ ചിന്തിക്കുന്നതിനും, അശ്ലീലമായവ കേൾക്കുന്നതിനും, സാത്താൻ നമ്മെ പ്രേരിപ്പിക്കുന്നു. മാത്രമല്ല നമ്മുടെ ജീവിതത്തിൽ സൂക്ഷ്മതയും കൂർമ്മതയും ഇല്ലാത്തവരാക്കി നമ്മെ തീർക്കുകയും ചെയ്തേക്കാം. അങ്ങനെ അവൻെറ പരീക്ഷയ്ക്കു നാം കീഴ്പ്പെട്ടു കൊടുത്താൽ ഈ പാപങ്ങൾ മാത്രമല്ല, മററനേകം പാപങ്ങളും നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും കടന്നുകൂടും.

"എന്നാൽ നീ ദൈവത്തോട് ഏററവും അടുത്തു ജീവിക്കുകയും അവൻെറ കൂട്ടായ്മയിൽ നടക്കുകയും ചെയ്താൽ, നിന്നെ പരീക്ഷിച്ചു വശീകരിപ്പാൻ വരുന്ന സാത്താനോട് പോരാടുവാൻ അധികമധികം ശക്തി നിനക്കു ലഭിക്കും നിശ്ചയം.

"തമ്പീ, ദൈവത്തിൻെറ സർവ്വായുധവർഗ്ഗം ഉപയോഗിച്ചു സാത്താനെ ജയിക്കുവാൻ നമുക്കു സാധിക്കും. ക്രിസ്തീയ ജീവിതം ഒരു യുദ്ധം പോലെയാണ്. നമ്മുടെ അരയ്ക്കു് സത്യം കെ



Downloaded from www.GodsOwnLanguage.com





Downloaded from www.GodsOwnLanguage.com

ട്ടിയും, നീതി എന്ന കവചം ധരിച്ചും, സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിന്നു ചെരുപ്പാക്കിയും കൊണ്ടത്രെ അവനോടു നാം യുദ്ധം ചെയ്യേണ്ടതു്. (എഫേ 6:13-16).

ഇതു വായിക്കുന്ന പ്രിയ സ്നേഹിതാ! യേശു തമ്പിക്കുവേണ്ടി മരിച്ചതുപോലെതന്നെ നിനക്കു വേണ്ടിയും മരിച്ചു. അവൻ നിന്നെ സ്നേഹിക്കുകയും നീ അവൻെറ അടുക്കലേക്കു വരണമെന്നു് താൽപ്പര്യമായി ആഗ്രഹിക്കുകയും ചെയ്യുന്നു.

ദിനം തോറും തമ്പി ദൈവത്തോടും അവൻെറ പുത്രനായ യേശുക്രിസ്തുവിനോടും കൂടെ ജീവിച്ചു് അധികമധികം സന്തോഷവും സമാധാനവും അനുഭവിക്കുന്നു. ദൈവം അവനെ എത്രമാത്രം സ്നേഹിക്കുന്നു എന്നും, നാം ഓരോരുത്തരും ദൈവമക്കളായിത്തീരേണ്ടതിന്നു് ദൈവം മനുഷ്യവർഗ്ഗത്തിനുവേണ്ടി എന്തുവിലയാണു് വാസ്തവത്തിൽ കൊടുക്കേണ്ടിവന്നതെന്നും അവൻ ഇപ്പോഠം മനസ്സിലാക്കുന്നു.

ക്രൂര മനുഷ്യരാൽ ക്രൂശിൽ തറെയ്ക്കപ്പെട്ട യേശു നമുക്കുവേണ്ടി അതിഭയങ്കരമായ വേദന അനുഭവിച്ചു. അവനു് ക്രൂശിൽനിന്നും ഇറങ്ങി പ്പോരാമായിരുന്നു എങ്കിലും ഈ ലോകത്തിലുള്ള എല്ലാ ആൺകുട്ടികഠംക്കും പെൺകുട്ടികഠംക്കും, പുരുഷന്മാക്കും സ്ത്രീകഠംക്കുമായി തന്നെത്തന്നെ യാഗമായി അവൻ ഏല്പിച്ചുകൊടുത്തു. മരിച്ചശേ



Downloaded from www.GodsOwnLanguage.com

ക്കപ്പെട്ടശേഷം മൂന്നാം ദിവസം അവൻ മരിച്ചവരുടെയിടയിൽ നിന്നും ഉയിർത്തെഴുന്നേററു, പാപത്തിൻെറയും മരണത്തിൻെറയും നരകത്തിൻെറയും മേൽ അവൻ ജയവീരനായിത്തീൎന്നു.

യേശു ഇന്നു് നിൻെറ ഹൃദയവാതിൽക്കൽ നിന്നു് മുട്ടുന്നു. തമ്പിയുടെ ഹൃദയത്തിൽ പ്രവേശിച്ചു് അവനെ രൂപാന്തരപ്പെടുത്തിയതുപോലെ നിന്നിലും പ്രവേശിച്ചു് അത്ഭുതകരമായി നിന്നെ രൂപാന്തരപ്പെടുത്തുവാൻ അവൻ ആഗ്രഹിക്കുന്നുണ്ടു്. അതിനായി അവനെ ക്ഷണിക്കുന്നതിനുള്ള ദിവസം ഇന്നുതന്നെ. തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്തുകൊണ്ടു് യേശു ഇപ്പോൾ പിതാവിൻെറ വലത്തു ഭാഗത്തിരിക്കുകയാണു് (റോമർ. 8:34)

യേശു ഈ ലോകത്തിൽ ആയിരുന്നപ്പോൾ തനിക്കുള്ളവരെ തന്നോടുകൂടി ചേർക്കേണ്ടതിനു് അവൻ വീണ്ടും വരുമെന്നു് വാഗ്ദത്തം ചെയ്തിട്ടുണ്ടു്. (യോഹ. 14:3) ആകയാൽ അവനെ സ്വീകരിപ്പാനുള്ള തീരുമാനം ചെയ്യുന്നതിനു് കാലവിളംബം വരുത്തുന്നതു് അപകടമത്രെ. താൻ വാഗ്ദത്തം ചെയ്തപ്രകാരം അവൻ ഇന്നു് വരികയാണെങ്കിൽ, അയ്യോ! യേശുവിനെ രക്ഷിതാവായി സ്വീകരിപ്പാൻ അമാന്തിച്ചുപോയല്ലോ എന്നോർത്തു നീ വിലപിക്കേണ്ടിവരും.

ഇളക്കപ്പെടുക്കത്തിൻെറ ഈ കാലത്തു്, യുദ്ധം, രോഗം, മരണം മുതലായവ മനുഷ്യനെ



Downloaded from www.GodsOwnLanguage.com